"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ. ജംഷാദ്.പി, പാലക്കൻ ഹൗസ്, മേൽമുറി.പി.ഒ, ഏറനാട്, മലപ്പുറം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.558/2026/ID തീയതി,തിരുവനന്തപുരം, 14-05-2026

---

പരാമർശം:-

1. മലപ്പുറം ജിയോളജിസ്റ്റിന്റെ 05.04.2024 തീയതിയിലെ 209/2023-24/ഡിഎം/എം-1469/2022 നമ്പർ നടപടിക്രമം.
2. ശ്രീ. ജംഷാദ്.പി, പാലക്കൻ ഹൗസ്, മേൽമുറി.പി.ഒ, ഏറനാട്, മലപ്പുറം 28.01.2025 ൽ സമർപ്പിച്ച അപ്പീൽ ഹർജി.
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 26.02.2026 തീയതിയിലെ ഡിഎംജി/2870/2025-എം1 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ മേൽമുറി വില്ലേജിൽ ബ്ലോക്ക് നം. 2 ൽ റിസർവ്വെ നം. 1065/21 ൽപ്പെട്ടതും ശ്രീ. മൊയ്തീൻകുട്ടി, S/o. കുഞ്ഞിപോക്കർ, പാലക്കൻ വീട്, മേൽമുറി പോസ്റ്റ്, മലപ്പുറം (ലേറ്റ്) എന്നയാളുടെ കൈവശാവ കാശത്തിലുള്ളതുമായ സ്ഥലത്ത് നിന്നും അനധികൃതമായി ഖനനം ചെയ്ത് നീക്കിയ ആകെ 45,560 $M^3$ കരിങ്കല്ലിന്റെ റോയൽറ്റി ക്യൂബിക് മീറ്ററിന് 60/- രൂപ നിരക്കിൽ 27,33,600/- രൂപയും വിലയിനത്തിൽ (റോയൽറ്റിയുടെ 2 മടങ്ങ്) 54,67,200/- രൂപയും അനധികൃതമായി ധാതു ഖനനം നടത്തിയതിന് പിഴയായി 5,00,000/- രൂപയും ചേർത്ത് ആകെ 87,00,800/- രൂപ ( എൺപത്തിയേഴ് ലക്ഷത്തി എണ്ണൂറ്) മാത്രം മേപ്പടി സ്ഥലത്തിന്റെ നിലവിലെ അവകാശിയും ശ്രീ മൊയ്തീൻകുട്ടി എന്നയാളുടെ മകനുമായ ശ്രീ ജംഷാദ് എന്നയാളിൽ നിന്നും ഈടാക്കുന്നതിലേക്കായി ഡിമാന്റ് നോട്ടീസ് പുറപ്പെടുവിക്കുന്നതാണെന്ന് അറിയിച്ച് കൊണ്ട് പരാമർശം (1) പ്രകാരം മലപ്പുറം ജില്ലാ ജിയോളജിസ്റ്റ് നൽകിയ നടപടിക്രമത്തിനെതിരെയാണ് പരാമർശം (2) പ്രകാരം ശ്രീ. ജംഷാദ് അപ്പീൽ ഹർജി സമർപ്പിച്ചിരിക്കുന്നത്. ഹർജി വിഷയം 26/2/2026 ന് അപ്പീൽ അധികാരി അപ്പീൽ കക്ഷിക്കുവേണ്ടി വേണ്ടി ഹാജരായ അഡ്വക്കേറ്റിനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേട്ടു.

2. ഹർജിയിൽ പരാമർശിച്ചിരിക്കുന്ന സ്ഥലം ഹർജിക്കക്ഷിയുടെ പിതാവിന്റെ ഉടമസ്ഥതയിലുള്ളതാണെന്നും മലപ്പുറം ജിയോളജിസ്റ്റും മേൽമുറി വില്ലേജധികൃതരും കൂടി നടത്തിയ സ്ഥലപരിശോധനയിൽ അനധികൃത ഖനനം കണ്ടെത്തിയിട്ടുണ്ടെന്നും ആയത് പാലക്കൽ ഹംസ എന്നയാളുടെ സ്ഥലത്തുനിന്നാണെന്നും ഹർജിക്കക്ഷിയുടെ സ്ഥലം ടി പ്രദേശത്തിന് തെക്ക് ഭാഗത്തായിട്ടാണെന്നും റോയൽറ്റി കണക്കാക്കുന്നതിൽ തെറ്റ്

പറ്റിയിട്ടുണ്ടെന്നും ആയതിനാൽ ഡിമാന്റ് നോട്ടീസിൽ പരാമർശിച്ചിരിക്കുന്ന പിഴത്തുകയിൽ നിന്നും ഒഴിവാക്കണമെന്നും ഹർജിക്കക്ഷിക്കുവേണ്ടി ഹാജരായ അഡ്വക്കേറ്റ് വാദിച്ചു.

3.അപ്പീൽ ഹർജിയിന്മേൽ മൈനിംഗ് & ജിയോളജി ഡയറക്ടർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.

മലപ്പുറം ജില്ലയിൽ എറനാട് താലൂക്കിൽ മേൽമുറി വില്ലേജിൽ അനധികൃതമായി പ്രവർത്തിക്കുന്ന 13 ക്വാറികളുടെ വിവരങ്ങൾ ഏറനാട് തഹസീദാർ മലപ്പുറം ഓഫീസിനെ അറിയിക്കുകയും സ്ഥലം ഉടമക്ക് മേൽമുറി വില്ലേജ് ഓഫീസർ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതായും അനധികൃത ഖനനം നടത്തിയവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കണമെന്നും അറിയിച്ചിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ റിപ്പോർട്ടിൽ പരാമർശിച്ച ക്വാറികൾ 09.06.2022 തീയതിയിൽ കേൽമുറി വില്ലേജ് അധികൃതരോടൊപ്പം മലപ്പുറം ജില്ലാ ഓഫീസിൽ നിന്നും പരിശോധിക്കുകയും ഉടമകൾക്ക് സ്റ്റോപ്പ് നോട്ടീസ്/കാരണം കാണിക്കൽ നോട്ടീസുകൾ നൽകി ടിയാളുകൾക്കെതിരെ നിയമ നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു.

മേൽമുറി വില്ലേജിൽ ബ്ലോക്ക് നം. 2ൽ റിസർവ്വ നം. 1055/21 ൽപ്പെട്ടതും ശ്രീ. ഹംസ, S/o കഞ്ഞിപോക്കർ, പാലക്കൻ ഹൌസ്, മലപ്പുറം എന്നയാളുടെ കൈവശത്തിലുള്ളതുമായ സ്ഥലത്ത് 09.06.2022 തീയതിയിൽ നടത്തിയ പരിശോധനയിൽ ടി സ്ഥലത്ത് നിന്നും വ്യാപകമായും അനധികൃതമായും കരിങ്കല്ല് ഖനനം നടത്തി വരുന്നതായി പരിശോധനയിൽ കണ്ടതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലത്തെ എല്ലാവിധ ഖനനപ്രവർത്തനങ്ങളും നിർത്തിവെക്കുന്നതിന് ടിയാന് നോട്ടീസ് നൽകുകയും തുടർന്ന് ടി ക്വാറി ടിയാൻറെ സാന്നിധ്യത്തിൽ അളന്ന് തിട്ടപ്പെടുത്തുന്നതിനായി ടിയാന് കത്ത് നൽകിയ ശേഷം ടി സ്ഥലം 19.11.2022 തീയ്യതിയിൽ ജില്ലാ ഓഫീസിൽ നിന്നും പരിശോധിച്ചതിൽ ശ്രീ. ഹംസ എന്നയാളുടെ കൈവശ സ്ഥലത്തിനോട് ചേർന്ന് തെക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്നതും അനധികൃതമായി കരിങ്കല്ല് ഖനനം നടത്തിയതുമായ സ്ഥലം ടിയാന്റെ കൈവശത്തിലല്ലായെന്നും ആയത് ശ്രീ. മൊയ്തീൻകുട്ടി പാലക്കൻ എന്നയാളുടെ കൈവശത്തിലാണെന്നും ശ്രീ.ഹംസ എന്നയാൾ അറിയിക്കുകയുണ്ടായി, ടി സ്ഥലത്ത് ഹാജരായിരുന്ന ശ്രീ മൊയ്തീൻകുട്ടി പാലക്കൻ എന്നവരുടെ മകനായ ശ്രീ. ജംഷാദ് എന്നയാൾ ആയത് സ്ഥിരീകരിക്കുകയും ടിയാളുടെ കൈവശസ്ഥലം കാണിച്ചു തരുകയും ചെയ്തു. തുടർന്ന്, മേൽമുറി വില്ലേജ് ഓഫീസിലെ വില്ലേജ് അസിസ്റ്റൻറിൻറേയും ശ്രീ. ഹംസ പാലക്കൻ എന്നയാളുടെയും ശ്രീ. ജംഷാദ് പാലക്കൻ എന്നയാളുടെയും സാന്നിധ്യത്തിൽ ടി സ്ഥലം അളന്ന് തിട്ടപ്പെടുത്തി മഹസ്സർ തയ്യാറാക്കുകയും ചെയ്തു. പ്രസ്തുത സ്ഥല പരിശോധനയിൽ അപ്പീൽ കക്ഷിയുടെ കൈവശസ്ഥലത്ത് നിന്നും 67 മീറ്റർ നീളത്തിലും 40 മീറ്റർ വീതിയിലും ശരാശരി 17 മീറ്റർ താഴ്ചയിലും ആയി ആകെ 45,560 ക്യൂബിക് മീറ്റർ കരിങ്കല്ല് ഖനനം ചെയ്ത് നീക്കിയതായി ബോധ്യപ്പെടുകയുണ്ടായി. തുടർന്ന്, സ്ഥലം ഉടമയായ ശ്രീ. മൊയ്തീൻകുട്ടി എന്നയാൾക്ക് അയച്ച സ്റ്റോപ്പ് നോട്ടീസ്/ കാരണം കാണിക്കൽ നോട്ടീസ് ടിയാൻ മരണപ്പെട്ടു എന്ന് കാണിച്ച് തിരികെ ലഭിച്ചു. തുടർന്ന്, ടി സ്ഥലത്ത് നിന്നും അനധികൃതമായി ഖനനം ചെയ്ത കരിങ്കല്ലിന്റെ റോയൽറ്റിയും വിലയും കോസൌണ്ടിംഗ് ഫീസും സ്ഥലം ഉടമയുടെ അനന്തരാവകാശികളിൽ ഈടാക്കുവാൻ തീരുമാനിക്കുകയും ആയതിൻറെ ഭാഗമായി ശ്രീ. മൊയ്തീൻ കുട്ടി എന്നവരുടെ മകനായ ശ്രീ. ജംഷാദ് എന്നയാളെ 23.08.2023 തീയതിയിൽ നേരിൽ കേൾക്കുന്നതിനായി 07.08.2023 തീയതിയിൽ ഡി.ഒ.എം/എം. 1469/2022 നമ്പരായി നോട്ടീസ് നൽകുകയും ചെയ്തു. ടി സ്ഥലത്തേക്ക് മുമ്പ് ഖനനാനുമതികളെന്തെങ്കിലും സമ്പാദിക്കുകയോ അനധികൃത

ഖനനത്തിന് പിഴയെന്തെങ്കിലും ഒടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിൻറെ രേഖകളും വിപണന കണക്കുകളും ഹാജരാക്കണമെന്നും ശ്രീ. മൊയ്തീൻകുട്ടി എന്നവരുടെ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റും ഹാജരാക്കണമെന്നും പ്രസ്തുത നോട്ടീസ് പ്രകാരം ടിയാനെ അറിയിച്ചിരുന്നു. എന്നാൽ ശ്രീ. ജംഷാദ് പ്രസ്തുത നോട്ടീസ് പ്രകാരം ജില്ലാ ഓഫീസിൽ ഹാജരാവുകയോ വിശദീകരണം നൽകുകയോ ചെയ്തില്ല. തുടർന്ന് 05.04.2034 തീയതിയിൽ 209/2023-24/ഡിഎം/എം-1469/2022 നമ്പരായി പുറപ്പെടുവിച്ച ഉത്തരവിൽ മേപ്പടി സ്ഥലത്തുനിന്നും അനധികൃതമായ ഖനനം ചെയ്ത് 45.650 ക്യൂ മിറ്റർ കരിങ്കല്ലിന്റെ റോയൽറ്റിയും വിലയും കോംപൗണ്ടിങ്ങ് ഫീസും ഇനത്തിൻ ആകെ 87,00,800/- രൂപ ടിയാനിൽ നിന്നും സർക്കാരിലേക്ക് ഈടാക്കുന്നതിന് ജില്ലാ ഓഫീസ് തീരുമാനിച്ചതായും ഇക്കാര്യത്തിൽ ടിയാന് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ജില്ലാ ഓഫീസിൽ ഹാജരായി ബോധിപ്പിക്കണമെന്നും സ്ഥലത്തിന് മറ്റ് അവകാശികളുണ്ടെങ്കിൽ ടിയാളുകളുടെ മേൽവിലാസവും ശ്രീ. മൊയ്തീൻകുട്ടി എന്നവരുടെ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിൻറെ പകർപ്പും ജില്ലാ ഓഫീസിൽ ഹാജരാക്കണമെന്നും അല്ലാത്ത പക്ഷം ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലായെന്ന നിഗമനത്തിൽ മേപ്പടി തുക ടിയാനിൽ നിന്നും സർക്കാരിലേക്ക് ഈടാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് പുറപ്പെടുവിക്കുന്നതാണെന്നും അപ്പീൽ കക്ഷിയെ അറിയിച്ചിരുന്നു. ആയതിന് ശ്രീ. ജംഷാദ് എന്നയാൾ 30.04.2024 തീയതിയിൽ സമർപ്പിച്ച മറുപടിയിൽ മേപ്പടി സ്ഥലം ടിയാന്റെ പിതാവായ ശ്രീ. മൊയ്തീൻകുട്ടി എന്നവരുടേതാണെന്നും ഖനനപ്രവർത്തനങ്ങളും നടത്തിയിട്ടില്ലായെന്നും പ്രസ്തുത വസ്തുക്കളിൽ ടിയാനും ടിയാന്റെ ടിയാൻ യാതൊരുവിധ സഹോദരങ്ങൾക്കും കൂട്ടവകാശമാണുള്ളതെന്നും ടി കാര്യങ്ങൾ തെളിയിക്കുവാൻ ആവശ്യമായ രേഖകൾ ഹാജരാക്കാൻ ഒരുക്കമാണെന്നും അറിയിക്കുകയുണ്ടായി. എന്നാൽ ആയത് സംബന്ധിച്ച ഒരു രേഖയും ടിയാൻ ടി അപേക്ഷയോടൊപ്പമോ പിന്നീടോ ജില്ലാ ഓഫീസിൽ ഹാജരാക്കിയിട്ടില്ലാത്തതാണ്. മേപ്പടി സ്ഥലത്ത് നിന്നും കരിങ്കല്ല് ഖനനം നടത്തുന്നത് ടിയാൻറെ നേതൃത്വത്തിലാണെന്ന് ജില്ലാ ഓഫീസിൻ്റെ അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ടി സ്ഥലത്ത് നിന്നും അനധികൃതമായി ഖനനം ചെയ്ത 45,560 ക്യൂബിക് മീറ്റർ കരിങ്കല്ലിൻറെ റോയൽറ്റി (ക്യമീറ്ററിന് 60/- രൂപ നിരക്കിൽ) 27,33,600/- രൂപയും വിലയിനത്തിൽ റോയൽറ്റിയുടെ 2 മടങ്ങ്) 54,67,200/- രൂപയും കോമ്പൌണ്ടിംഗ് ഫീസായി 5,00,000/- രൂപയും ചേർത്ത് ആകെ 87,00,800/- രൂപ മാത്രം സർക്കാരിലേക്ക് ഒടുക്കണമെന്ന് നിർദ്ദേശിച്ച് 11.12.2024 തീയതിയിൽ DOMAL-DMG/1042/2024-M നമ്പരായി ഡിമാന്റ് നോട്ടീസ് നൽകി തുടർന്ന്, ഡിമാന്റ് തുക ഒടുക്കാത്തതിനാൽ ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് 01.03.2025 തീയതിയിൽ 2025/9394/10 നമ്പരായി ബഹു. മലപ്പുറം ജില്ലാ കളക്ടർക്ക് റിക്വിസിഷൻ നൽകുകയും ചെയ്തു. മേൽ സാഹചര്യത്തിലാണ് ശ്രീ. ജംഷാദ് പാലക്കൻ സർക്കാർ മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുളളത്.

ശ്രീ. ജംഷാദ് എന്നയാൾ അപ്പീലിൽ ഉന്നയിച്ചിട്ടുള്ള വാദങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

1,2. അപ്പീൽ കക്ഷിയെ 23.08.2023 തീയതിയിൽ നേരിൽ കേൾക്കുന്നതിനായി 07.08.2023 തീയതിയിൽ ഡി.ഒ.എം/എം-1469/2023 നമ്പരായി നോട്ടീസ് നൽകിയിട്ടുളളതാണ്. എന്നാൽ ടിയാൻ ആയത് പ്രകാരം ജില്ലാ ഓഫീസിൽ ഹാജരാവുകയോ എന്തെങ്കിലും വിശദീകരണം ബോധിപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. കൂടാതെ, 05.04.2024 തീയതിയിലെ 209/2023-24/ഡിഎം/എം-1469/2022 നമ്പരായ ഉത്തരവ് പ്രകാരവും ടിയാന് ഈ വിഷയത്തിൽ വിശദീകരണം നൽകുവാൻ അവസരം നൽകിയിരുന്നതാണ്. എന്നാൽ ടി സ്ഥലത്തെ

ഖനനം നിയമാനുസൃതമാണെന്ന് തെളിയിക്കുന്ന യാതൊരുവിധ രേഖകളും ഹാജരാക്കുന്നതിന് ടിയാന് സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിലാണ് ടിയാന് ഡിമാന്റ്റ് നോട്ടീസ് നൽകിയിട്ടുള്ളത്.

3. മേപ്പടി സ്ഥലത്ത് നിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിന് മുമ്പ് പെർമിറ്റെന്തെങ്കിലും എടുത്തിട്ടുണ്ടെങ്കിൽ ആയതിൻറെ രേഖകളും അനധികൃതമായി കരിങ്കല്ല് ഖനനം ചെയ്തതിന് പിഴയെന്തെങ്കിലും ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ഹാജരാക്കുന്നതിന് അപ്പീൽ കക്ഷിക്ക് 07.08.2023 തീയതിയിലെ നോട്ടീസ് പ്രകാരവും 05.04.2024 തീയതിയിലെ ഉത്തരവ് പ്രകാരവും നിർദ്ദേശം നൽകിയിരുന്നതാണ്. എന്നാൽ ടിയാൻ യാതൊരുവിധ രേഖകളും ജില്ലാ ഓഫീസിൽ ഹാജരാക്കുകയുണ്ടായിട്ടില്ല.

4,5. മേപ്പടി സ്ഥലം അളന്ന് തിട്ടപ്പെടുത്തിയത് അപ്പിൽ കക്ഷിയുടെ സാന്നിധ്യത്തിലാണ്. അപ്പിൽ കക്ഷിയാണ് ടി സ്ഥലത്തിൻറെ അതിരുകൾ കാണിച്ച് തന്നിട്ടുള്ളത്. പരിശോധനാ വേളയിൽ ടീ മഹസ്സറിലെ അളവ് സംബന്ധിച്ച് ടിയാൻ ആക്ഷേപമൊന്നും ഉന്നയിച്ചിട്ടില്ലാത്തതാണ്. മഹസ്സറിൽ ടിയാൻ ഒപ്പുവെച്ചിട്ടുള്ളതുമാണ്. 2015 മുതൽ 31.03.2023 വരെ നിലവിലുണ്ടായിരുന്ന റോയൽറ്റി നിരക്കും വിലയും അനുസരിച്ചാണ് റോയൽറ്റിയും വിലയും കണക്കാക്കിയിട്ടുള്ളത്.

6. അനധികൃതമായി ചെറുകിട ധാതുക്കൾ ഖനനം ചെയ്യുന്നത് 1957 ലെ മൈൻസ് ആന്റ് മിനറൽസ് (ഡവലപ്പമെന്റ്റ് ആൻറ് റഗുലേഷൻ) ആക്ടിലെ സെക്ഷൻ 4(1) പ്രകാരം കുറ്റകരവും ആയതിന് ടി ആക്ടിലെ സെക്ഷൻ 21 (1) അനുസരിച്ച് അഞ്ചുവർഷം വരെ തടവും അഞ്ചു ലക്ഷം രൂപ വരെ പിഴയും ലഭിക്കാവുന്ന കുറ്റമാണ് കൂടാതെ, അനധികൃതമായി ഖനനം ചെയ്ത് നീക്കിയ ധാതുവിന്റെ റോയൽറ്റിയും വിലയും മേപ്പടി ആക്ടിലെ സെക്ഷൻ 21(5), സൂചന (2) ചട്ടങ്ങളിലെ ചട്ടം 108(2) എന്നിവ പ്രകാരം സ്ഥലം ഉടമയിൽ നിന്നും/ഖനനം നടത്തിയ വ്യക്തിയിൽ നിന്നും സർക്കാരിലേക്ക് ഈടാക്കാവുന്നതുമാണ്.

7,8,9,10. അപ്പിൽ കക്ഷിയുടെ പിതാവായ ശ്രീ. മൊയ്തീൻ കുട്ടി എന്നയാൾ 22.11.2021 നാണ് മരണപ്പെട്ടതെന്ന് അറിയുന്നു. ടി സ്ഥലത്ത് നിന്നും ആയതിനു ശേഷവും ടി സ്ഥലത്ത് നിന്നും അപ്പീൽ കക്ഷിയുടെ നേതൃത്വത്തിൽ അനധികൃതമായി കരിങ്കല്ല് ഖനനം നടത്തിയിട്ടുണ്ട്. കൂടാതെ, ടി സ്ഥലത്തിന് മറ്റ് അവകാശികളുണ്ടെങ്കിൽ അറിയിക്കണമെന്ന് അപ്പീൽ കക്ഷിക്ക് ജില്ലാ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ടിയാൻ ആയത് സംബന്ധിച്ച് വിവരങ്ങളൊന്നും നൽകുവാൻ തയ്യാറായിട്ടില്ലാത്തതാണ്.

ശ്രീ. ഹംസ പാലക്കൻ എന്നയാളുടെ കൈവശഭൂമിയിലെ കരിങ്കല്ല് ഖനനം ചെയ്ത ശ്രീ. ജംഷാദ് മുതൽപേരുടെ അവകാശത്തിലുള്ളതുമായ സ്ഥലത്തും നിന്നും കരിങ്കല്ല് ഖനനം ചെയ്ത സ്ഥലവും ചേർന്ന് കിടക്കുന്നതാണ്. മേപ്പടി സ്ഥലത്ത് 18.10.2022 തീയതിയിൽ റവന്യൂ വകുപ്പ് നടത്തിയ പരിശോധനയിൽ അനധികൃത ഖനനത്തിനുപയോഗിച്ച വാഹനങ്ങൾ ബന്തവസ്സിലെടുക്കുകയും വാഹനങ്ങൾ ശ്രീ. ജംഷാദ് പാലക്കൻ എന്നയാളെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന്, ശ്രീ. ജംഷാദ് എന്നയാൾ റവന്യൂ വകുപ്പ് കസ്റ്റഡിയിലെടുത്ത എസ്കവേറ്റർ പിഴയൊടുക്കി വിട്ടു കിട്ടുന്നതിനായി ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിക്കുകയും ആയത് പ്രകാരം പിഴയൊടുക്കുകയും ചെയ്തിരുന്നു. ആയതിൽ നിന്നും ടിയാൻറെ കൂടി അവകാശത്തിലുള്ള ടീ സ്ഥലത്ത് നിന്നും അനധികൃതമായി കരിങ്കല്ല് ഖനനം നടത്തിയത് ടിയാനാണെന്ന് വ്യക്തമാണ് ടി സാഹചര്യത്തിലാണ് ടിയാന് ഡിമാൻറ് നോട്ടീസ് നൽകിയിട്ടുള്ളത്.

മലപ്പുറം പോലീസ് 26.09.2025 തീയതിയിൽ മേപ്പടി സ്ഥലത്ത് നടത്തിയ പരിശോധനയിൽ ടി സ്ഥലത്ത് നിന്നും അനധികൃതമായി എക്സ്പ്ലോസിവ്സ് ഉപയോഗിച്ച് കരിങ്കല്ല് ഖനനം നടത്തുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ കക്ഷിക്കെതിരെ എക്സ്പ്ലോസീവ്സ്

സബ്സ്റ്റാൻസസ് ആക്ട് പ്രകാരം ക്രൈം നം.994/2025 നമ്പരായി കേസ് എടുത്തിട്ടുള്ളതാണ്. കൂടാതെ, മേപ്പടി സ്ഥലത്ത് നിന്നും അനധികൃതമായി കരിങ്കല്ല് ഖനനം നടത്തുന്നതായി കാണിച്ച് 02.02.2026 തീയതിയിൽ ജില്ലാ ഓഫീസിൽ ലഭിച്ച പരാതിയിൽമേൽ 18.02.2026 തീയതിയിൽ ജില്ലാ ഓഫീസിൽ നിന്നും നടത്തിയ സ്ഥല പരിശോധനയിൽ ടി സ്ഥലത്ത് നിന്നും വൻതോതിൽ അനധികൃതമായി കരിങ്കല്ല് ഖനനം നടത്തുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന് വീണ്ടും കാരണം കാണിക്കൽ നോട്ടീസ് നൽകി നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മേൽ സാഹചര്യത്തിൽ അപ്പീലിൽ കഴമ്പില്ല എന്ന് കണ്ട് അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നതിന് സർക്കാരിലേക്ക് സവിനയം ശുപാർശ ചെയ്യുന്നുവെന്ന് പരാമർശം (3) പ്രകാരം ഡി.എം.ജി സമർപ്പിച്ച റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നു.

4. ഹർജിവിഷയം വിശദമായി പരിശോധിച്ചു. മേൽമുറി വില്ലേജിൽ ബ്ലോക്ക് നം. 2ൽ റിസർവ്വ നം. 1055/21 ൽപ്പെട്ട സ്ഥലത്ത് വ്യാപകമായും അനധികൃതമായും കരിങ്കല്ല് ഖനനം നടത്തി വരുന്നതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും അതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് കൊണ്ട് ഏറനാട് തഹസീദാർ ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിയതിനെറ അടിസ്ഥാനത്തിൽ 09.06.2022 തീയതിയിൽ നടത്തിയ പരിശോധനയിൽ ടി സ്ഥലത്ത് നിന്നും വ്യാപകമായും അനധികൃതമായും കരിങ്കല്ല് ഖനനം നടത്തി വരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലത്തെ എല്ലാവിധ ഖനനപ്രവർത്തനങ്ങളും നിർത്തിവെക്കുന്നതിന് നോട്ടീസ് നൽകുകയും തുടർന്ന് ടി ക്വാറി അളന്ന് തിട്ടപ്പെടുത്തുന്നതിനായി ശ്രീ. ഹംസ, S/o കഞ്ഞിപോക്കർ, പാലക്കൻ ഹൌസ്, മലപ്പുറം എന്നയാൾക്ക് കത്ത് നൽകിയ ശേഷം ടി സ്ഥലം 19.11.2022 തീയ്യതിയിൽ ജില്ലാ ഓഫീസിൽ നിന്നും വില്ലേജ് അസിസ്റ്റന്റിനോടൊപ്പം പരിശോധിച്ചതിൽ ശ്രീ. ഹംസ എന്നയാളുടെ കൈവശ സ്ഥലത്തിനോട് ചേർന്ന് തെക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്നതും അനധികൃതമായി കരിങ്കല്ല് ഖനനം നടത്തിയതുമായ സ്ഥലം ടിയാന്റെ കൈവശത്തിലല്ലായെന്നും ആയത് ശ്രീ. മൊയ്തീൻകുട്ടി പാലക്കൻ എന്നയാളുടെ കൈവശത്തിലാണെന്നും ശ്രീ.ഹംസ എന്നയാൾ അറിയിക്കുകയുണ്ടായി. ടി സ്ഥലത്ത് ഹാജരായിരുന്ന ശ്രീ മൊയ്തീൻകുട്ടി പാലക്കൻ എന്നവരുടെ മകനായ ശ്രീ. ജംഷാദ് എന്ന അപ്പീൽ കക്ഷി ആയത് സ്ഥിരീകരിക്കുകയും ടിയാളുടെ കൈവശസ്ഥലം കാണിച്ചു കൊടുക്കുകയും ചെയ്തു.തുടർന്ന് 19.11.2022-ന് അപ്പിൽ കക്ഷിയുടെ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ അപ്പീൽ കക്ഷി ടി സ്ഥലത്തിൻറെ അതിരുകൾ കാണിച്ചു നൽകിയതു പ്രകാരം അനധികൃത ഖനനത്തിനെറ അളവ് തിട്ടപ്പെടുത്തുകയും അതനുസരിച്ച് തയ്യാറാക്കിയ മഹസ്സറിൽ കക്ഷി ഒപ്പുവെച്ചിട്ടുള്ളതുമാണ്.മാത്രവുമല്ല കക്ഷി തുടർന്നും ടി സ്ഥലത്ത് നിന്നും അനധികൃത ഖനനം നടത്തി കൊണ്ടിരിക്കുകയാണ് .കൂടാതെ മലപ്പുറം പോലീസ് 26.09.2025 തീയതിയിൽ മേപ്പടി സ്ഥലത്ത് ടി സ്ഥലത്ത് നിന്നും അനധികൃതമായി എക്സ്പ്ലോസിവ്സ് ഉപയോഗിച്ച് കരിങ്കല്ല് ഖനനം നടത്തുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ കക്ഷിക്കെതിരെ എക്സ്ലോസീവ്സ് സബ്സ്റ്റാൻസസ് ആക്ട് പ്രകാരം കേസ് എടുത്തിട്ടുള്ളതുമാണ്.അനധികൃത ഖനനം നടത്തിയ കാലഘട്ടത്തിൽ നിലനിന്നിരുന്ന നിരക്ക് പ്രകാരമാണ് പെനാൽറ്റി നിർണ്ണയിച്ചിട്ടുള്ളത്.ഈ വസ്തുതകളിൽ നിന്നും അപ്പീൽ കക്ഷിയുടെ വാദങ്ങളിൽ കഴമ്പുള്ളതായി കാണുന്നില്ല. അതിനാൽ കെ.എം.എം.സി ചട്ടം 108(2) പ്രകാരം അനധികൃത ഖനനത്തിന് പെനാൽറ്റി ഒടുക്കുവാൻ കക്ഷി ബാദ്ധ്യസ്ഥനാണ്. ടി സാഹചര്യത്തിൽ ശ്രീ. ജംഷാദ് എന്നയാൾക്ക് മലപ്പുറം ജില്ലാ ജിയോളജിസ്റ്റ് പരാമർശം ഒന്ന് പ്രകാരം നൽകിയ നടപടിക്രമം നിലനിർത്തി കൊണ്ട് അതിൻ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുവാനും, കൂടാതെ തുടർന്നും നടത്തി കൊണ്ടിരിക്കുന്ന

അനധികൃത ഖനനത്തിന് ചട്ടപ്രകാരമുള്ള നടപടികൾ നടപടിക്രമങ്ങൾ പാലിച്ച് സ്വീകരിക്കുവാനും ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകി ശ്രീ. ജംഷാദ് പാലക്കൻ പാലക്കൻ ഹൗസ്, മേൽമുറി.പി.ഒ, ഏറനാട്, മലപ്പുറം. എന്നയാൾ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ശ്രീ.ജംഷാദ് പാലക്കൻ, പാലക്കൻ ഹൗസ്, മേൽമുറി.പി.ഒ, ഏറനാട്, മലപ്പുറം. 676517

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, മലപ്പുറം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി. (എ4/50/2026-വ്യവ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 14-05-2026 17:28:08